LIBRARY ARCHIVES Kerala Legislative Assembly

വികസന അതോറിറ്റികൾ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡം

126 [131] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികസന അതോറിറ്റികൾ അവയുടെ അധികാര പരിധിയ്ക്ക് പുറത്ത് പ്രോജക്ടുകൾ ഏറ്റെടുക്കുവാനും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) അധികാര പരിധിയ്ക്ക് പുറത്ത് സ്വകാര്യമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വികസന അതോറ്റികൾക്ക് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മേൽപ്പറഞ്ഞ വിഷയത്തിൽ വിശാല കൊച്ചി വികസന അതോറിറ്റിക്ക് ഗവൺമെന്റ് എന്തെങ്കിലും പ്രത്യേക ഇളവ്/അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. സംസ്ഥാനത്തെ വികസന അതോറിറ്റികളുടെ അധികാര പരിധിയ്ക്ക് പുറത്ത് യൂറോപ്യൻ എക്കണോമിക് കമ്മ്യൂണിറ്റിയുടെ സാമ്പത്തിക സഹായത്താൽ റൂറൽ അഗ്രിക്കൾച്ചറൽ മാർക്കറ്റുകൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾക്ക്, 16-5-1992-ലെ ജി.ഒ. (എംഎസ്.) 135/92/എഡി. നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി, വിശാല കൊച്ചി വികസന അതോറിറ്റി, കോഴിക്കോട് വികസന അതോറിറ്റി എന്നീ വികസന അതോറിറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 29-10-2004-ലെ ജി.ഒ. (ആർറ്റി.) 3791/04/എൽ.എസ്.ജി.ഡി. പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റിയും ഭൂവുടമകളുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് യാതൊരു 'സാമ്പത്തിക ബാദ്ധ്യതയും ഉണ്ടായിരിക്കില്ല' എന്ന നിബന്ധനയ്ക്ക് വിധേയമായി "ലാന്റ് ബാങ്ക്" പദ്ധതി രൂപീകരിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

(സി) ഈ വിഷയത്തിൽ വിശാലകൊച്ചി വികസന അതോറിറ്റിയ്ക്ക് ഗവൺമെന്റ് പ്രത്യേക ഇളവുകൾ ഒന്നും നൽകിയിട്ടില്ല.

ആശ്രയ പദ്ധതി

127 [132] ശ്രീ. ചെർക്കളം അബ്ദുള്ള:

" സി. ടി. അഹമ്മദ് അലി:

" പി. കെ. കെ. ബാവ:

" സി. മമ്മൂട്ടി:

" സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.